നക്ഷത്രചിഹ്നമിടാത്ത മറുപടി.

# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2300 08.05.2017 ലെ മറുപടിയ്ക്ക്**

**മാവേലിക്കരയിലെ ആശുപത്രികളുടെ കെട്ടിടനിർമ്മാണം**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. ആർ. രാജേഷ്** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| മാവേലിക്കര ജില്ലാ ആശുപത്രി, നൂറനാട് ലെപ്രസി സാനറ്റോറിയം, വള്ളികുന്നം ഹോമിയോ ആശുപത്രി എന്നിവയ്ക്കായി പുതിയതായി കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി ആരംഭിക്കുന്നതിന് പൊതുമരാമത്ത് കെട്ടിട വിഭാഗം സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ? | മാവേലിക്കര ജില്ലാ ആശുപത്രിയുടെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണത്തിനായി കിഫ്ബി പ്രോജക്ടിൽ ഉൾപ്പെടുത്തി 68.25 കോടി രൂപയുടെ എസ്റ്റിമേറ്റ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.<br>നൂറനാട് ലെപ്രസി സാനറ്റോറിയത്തിന്റെ മെയിൽ & ഫീമെയിൽ വാർഡ്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ഒ.പി. ബ്ലോക്ക് എന്നിവയുടെ നിർമ്മാണത്തിനായി 40 കോടി 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും അതിൽ 2352 ലക്ഷം രൂപയുടെ ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് മെയിൽ & ഫീമെയിൽ വാർഡ് നിർമ്മിക്കുന്നതിനുള്ള ആർക്കിടെക്ച്ചറൽ ഡ്രോയിംഗ് തയ്യാറാക്കി മണ്ണ് പരിശോധനയും സ്ട്രക്ച്ചറൽ ഡിസൈൻ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>വള്ളികുന്നം ഹോമിയോ ആശുപത്രി കെട്ടിട നിർമ്മാണത്തിന് 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ ഭരണാനുമതിക്കായി ആയുഷ് വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**